**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 398** **30-01-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ആഭ്യന്തര ഉല്പാദനത്തിന്റെ മൂന്ന ശതമാനമായി നിശ്ചയിച്ചതനുസരിച്ച് ഇതുവരെ എത്ര തുകയാണ് കടമെടുത്തതെന്ന് വ്യകതമാക്കുമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം 2023 ഡിസംബർ 31 വരെ സംസ്ഥാനം പൊതുകടമിനത്തിൽ (തനി) 17,988.21 കോടി രൂപ കടമെടുത്തിട്ടുണ്ട്. |
| (ബി) | ഈ സാമ്പത്തിക വർഷത്തിന്റെ ശേഷിക്കുന്ന കാലയളവിൽ കടമെടുക്കാവുന്ന തുക എത്രയാണ്; ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യകതമാക്കുമോ; | (ബി) | നടപ്പ് സാമ്പത്തിക വർഷം അവസാന പാദത്തിലേക്ക് ഓപ്പൺ മാർക്കറ്റ് ബോറോയിംഗ് ഇനത്തിൽ കടമെടുക്കുന്നതിനായി 7437.61 കോടി രൂപക്കുള്ള അനുമതി കേന്ദ്രത്തോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അവസാന പാദത്തേക്ക് മുൻകൂറായി ലഭിച്ച 2000 കോടിക്ക് പുറമെ, 1838 കോടി രൂപ മാത്രമേ കടമെടുക്കുന്നതിന് കേന്ദ്ര സർക്കാർ ഇതുവരെ അനുമതി നൽകിയിട്ടുള്ളൂ. ഇതിനുപുറമേ ഊർജ മേഖലയിലെ പരിഷ്കാരങ്ങൾക്ക് വിധേയമായി ജി.എസ്.ഡി.പിയുടെ 0.5% വരെ നടപ്പ് സാമ്പത്തിക വർഷം അധിക കടമെടുപ്പിനായി കേന്ദ്ര സർക്കാരിനോട് അനുമതി തേടിയിരുന്നെങ്കിലും പ്രസ്തുത അനുമതി ഇതുവരെയും ലഭ്യമായിട്ടില്ല. |
| (സി) | ഈ വർഷത്തെ വിവിധ ചെലവുകൾക്കായി എപ്രകാരം തുക കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിച്ചും വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് മുടക്കം വരുത്താതെയുമുള്ള ദ്വിമുഖ തന്ത്രമാണ് സർക്കാർ കൈകൊള്ളുന്നത്. |

സെക്ഷൻ ഓഫീസർ